**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568** **12-12-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ താൽകാലിക നിയമനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽകാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | കരാർ നിയമനം - 70 (വിമുക്തി മിഷൻ),<br><br>താൽക്കാലിക നിയമനം -27<br><br>ആകെ -97 നിയമനങ്ങൾ<br><br>1) മെഡിക്കൽ ഓഫീസർ -5<br><br>2) ക്ലിനിക്കൽ സൈക്കോളജിസ്റ്റ് -4<br><br>3) സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർ -5<br><br>4) സ്റ്റാഫ് നേഴ്സ് -15<br><br>5) സെക്യൂരിറ്റി സ്റ്റാഫ് -16<br><br>6) ക്ലീനിംഗ് സ്റ്റാഫ് -5<br><br>7) വിമുക്തി മിഷൻ ജില്ലാ കോർഡിനേറ്റർ -14<br><br>8) വിമുക്തി മിഷൻ കൗൺസിലർ -4<br><br>9) സോഷ്യോളജിസ്റ്റ് -1<br><br>10)സൈക്കോളജിസ്റ്റ് -1<br><br>11) കാഷ്വൽ സ്വീപ്പർ -26 (താൽക്കാലിക നിയമനങ്ങൾ)<br><br>12) ഇലക്ട്രീഷ്യൻ -1 (താൽക്കാലിക നിയമനം)<br><br>മേൽ പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം 21,23,500/- രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച | (ബി) | മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർ, സ്റ്റാഫ് നേഴ്സ്, സെക്യൂരിറ്റി സ്റ്റാഫ്, ക്ലീനിംഗ് |

| | | | |
|---|---|---|---|
| | മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിവരം വ്യക്തമാക്കുമോ? | | സ്റ്റാഫ് എന്നീ നിയമനങ്ങൾ നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുമാണ്. വിമുക്തി മിഷൻ ജില്ലാ കോർഡിനേറ്റർ, വിമുക്തി മിഷൻ കൗൺസിലർ, സോഷ്യോളജിസ്റ്റ് എന്നീ നിയമനങ്ങൾ പി.ആർ.ഡി മുഖേന പരസ്യം നൽകി അഭിമുഖം നടത്തിയും, കാഷ്വൽ സ്വീപ്പർമാരെ കുടുംബശ്രീ മുഖേനയും, സൈക്കോളജിസ്റ്റ്, ഇലക്ട്രീഷ്യൻ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവുമാണ് നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ